"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - സ്പെഷ്യൽ ആർമഡ് പോലീസ്(SAP)-ലെ ഫാമിലി ക്വാർട്ടേഴ്സ് L-83 (USQ) - ൽ താമസിച്ച് വരുന്ന ശ്രീ.അനിൽ കുമാർ.O.S , APSI (PEN 10616) -ന് പ്രസ്തുത ക്വാർട്ടേഴ്സിൽ 16.03.2025 മുതൽ 15.03.2026 വരെ,ഒരു വർഷത്തേക്ക് കൂടി, തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1057/2025/HOME തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:- 1. ശ്രീ.അനിൽ കുമാർ.O.S , APSI (PEN 10616)-യുടെ 10.02.2025 ലെ അപേക്ഷ.

2. സംസ്ഥാന പോലീസ് മേധാവിയുടെ 20.03.2025 ലെ No.-24253/2025/PHQ നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.അനിൽ കുമാർ.O.S , APSI (PEN 108616), സ്പെഷ്യൽ ആർമഡ് പോലീസ്(SAP)-ലെ ഫാമിലി ക്വാർട്ടേഴ്സ് L-83 (USQ)-ൽ താമസിച്ച് വരികെ ടിയാന് മലപ്പുറം RRRF - ലേക്ക് സ്ഥലം മാറ്റം ലഭിക്കുകയും തുടർന്ന് കൺട്രോളിംഗ് അതോറിറ്റി ടിയാന് പ്രസ്തുത ക്വാർട്ടേഴ്സിലെ താമസം 16.09.2024 മുതൽ 15.03.2025 വരെ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. തുടർന്ന് തന്റെ കുട്ടികളുടെ വിദ്യാഭ്യാസം കണക്കിലെടുത്ത് പ്രസ്തുത ക്വാർട്ടേഴ്സിലെ താമസം 2027 വരെ ദീർഘിപ്പിച്ച് നൽകുന്നതിനായി ടിയാൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചു. പ്രസ്തുത യൂണിറ്റിൽ ക്വാർട്ടേഴ്സിനായി അപേക്ഷകളൊന്നും പെൻഡിംഗ് ഇല്ലാത്തതിനാൽ ശ്രീ.അനിൽ കുമാർ.O.S- ന് ടി ക്വാർട്ടേഴ്സിലെ താമസം ദീർഘിപ്പിച്ച് നൽകുന്നതിന് Commandant,SAP ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ശ്രീ.അനിൽ കുമാർ.O.S , APSI (PEN 108616)-ന് സ്പെഷ്യൽ ആർമഡ് പോലീസ്(SAP)-ലെ ക്വാർട്ടർ നം L-83 (USQ)-ൽ 16.03.2025 മുതൽ 15.03.2026 വരെ ഒരു വർഷത്തേക്ക് തുടർതാമസം അനുവദിക്കാവുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം(2) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചു.

2. മേൽ വിഷയം സർക്കാർ പരിശോധിച്ചു. ശ്രീ.അനിൽ കുമാർ.O.S, APSI (PEN 108616)-യുടെ പരാമർശം (1) ലെ അപേക്ഷയുടെയും സംസ്ഥാന പോലീസ് മേധാവിയുടെ പരാമർശം(2) ലെ ശുപാർശയുടെയും അടിസ്ഥാനത്തിൽ, **ശ്രീ.അനിൽ കുമാർ.O.S, APSI (PEN 108616)-യ്ക്ക് സ്പെഷ്യൽ ആർമഡ് പോലീസ്(SAP)-**

**ലെ ക്വാർട്ടർ നം L-83 (USQ)-ൽ 16.03.2025 മുതൽ 15.03.2026 വരെ ഒരു വർഷത്തേക്ക്, ടി കാലയളവിൽ പ്രസ്തുത യൂണിറ്റിൽ മറ്റ് അർഹമായ അപേക്ഷകൾ വന്നാൽ ക്വാർട്ടേഴ്സ് ഒഴിയണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി , തുടർതാമസം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷമീം മുഹമ്മദ് ബി എം
അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം,
2. കമ്മാൻഡന്റ്, സ്പെഷ്യൽ ആർമഡ് പോലീസ്
3.ശ്രീ.അനിൽ കുമാർ.O.S, APSI (PEN 108616) (സ്പെഷ്യൽ ആർമഡ് പോലീസ് മുഖേന)
4.കരുതൽ ഫയൽ (HOME-D3/41/2025-HOME )

ഉത്തരവിൻ പ്രകാരം
Signed by
Santhosh Mon T
Date: 28-03-2025 10:27:23
സെക്ഷൻ ഓഫീസർ

1.ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,
2. ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്,